പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1400** **14.06.2013-ൽ മറുപടിയ്ക്ക്**

## നീലേശ്വരം നഗരസഭയ്ക്ക് ഓഫീസ്/ബസ്സ്റ്റാന്റ് നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ഉത്തരം<br>ശ്രീ: മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| നീലേശ്വരം നഗരസഭയ്ക്ക് ഓഫീസ്, ബസ്സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് 2 ഏക്കർ സ്ഥലം പതിച്ചു നൽകിയിട്ടും ഭൂമി അളന്നു തിട്ടപ്പെടുത്തി കിട്ടാൻ വൈകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | കൃഷി വകുപ്പ് നീലേശ്വരം കരുവാച്ചേരിയിലുള്ള 2 ഏക്കർ സ്ഥലം നഗരസഭയ്ക്ക് സൗജന്യമായി അനുവദിച്ച് ഉത്തരവായിരുന്നു. ഇത് പ്രകാരം സ്ഥലം മാർക്ക് ചെയ്ത് നൽകുന്നതിന് കാർഷിക സർവ്വകലാശാലാ രജിസ്ട്രാർക്ക് കത്ത് നൽകിയപ്പോൾ, നിശ്ചിത സ്ഥലത്ത് പല പരീക്ഷണങ്ങളും നടക്കുന്നതിനാൽ ഒരു ഏജൻസിക്കും സ്ഥലം വിട്ടുനൽകേണ്ടതില്ലെന്നും സ്ഥലം വിട്ടു നൽകിയ തീരുമാനം പുനഃപരിശോധിക്കണമെന്നും സർവ്വകലാശാല സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ